## III. നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം

### പോലീസ് സേനയുടെ ആത്മവീര്യം തകർക്കുന്ന സർക്കാർ നടപടികൾ

മി. സ്പീക്കർ: ഇന്ന് ചട്ടം 50 പ്രകാരം ലഭിച്ച നോട്ടീസ് ഒരു ക്ഷേത്രോത്സവത്തോടനുബന്ധിച്ച് ഉണ്ടായ സംഘർഷത്തെ സംബന്ധിച്ചുള്ളതാണ്. ഈ വിഷയം ചട്ടം 50-ന്റെ പ്രരംഭത്തിൽ സൂചിപ്പിക്കുന്നതുപോലെ തന്നെ പൊതു പ്രധാന്യം അർഹിക്കാത്തതും അടിയന്തര സ്വഭാവത്തോട് കൂടിയുള്ളതും അല്ലാത്തതിനാൽ റൂൾ 50 അനുവദിക്കാൻ സാധിക്കില്ലെന്ന് അറിയിക്കുകയാണ്. നമ്മുടെ സഭയുടെ കീഴ്വഴക്കം അനുസരിച്ച് ഇത്തരം കാര്യങ്ങൾ സാധാരണയായി സബ്മിഷനായാണ് അനുവദിക്കുന്നത്. ഈ നോട്ടീസ് ആദ്യ സബ്മിഷനായി അനുവദിക്കുന്നതാണ്.

(നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന് അവതരണാനുമതി നിഷേധിച്ചു)

ശ്രീ. വി. ഡി. സതീശൻ: ഇത് വളരെ ഗൗരവതരമായ പ്രശ്നമാണ്. പൊതു പ്രധാന്യമുള്ള വിഷയമാണ്. അമ്പലത്തിൽ നടത്തിയ ഉത്സവത്തെക്കുറിച്ചല്ല കേസ്. പോലീസിനെ ആക്രമിച്ച കേസിൽ പോലീസ് ഉദ്യോഗസ്ഥരെ സ്ഥലം മാറ്റിയതാണ് ...(ബഹളം) ഇത് ശരിയായിട്ടുള്ള കാര്യമല്ല. നിങ്ങളുടെ സർക്കാരിന്റെ സൗകര്യം അനുസരിച്ചല്ല അടിയന്തര പ്രമേയത്തിന് ... (ബഹളം) ഇത് പൊതു പ്രധാന്യമില്ലെന്ന് എങ്ങനെയാണ് പറയുന്നത്.

മി. സ്പീക്കർ: ഓർഡർ .... ഓർഡർ .... അങ്ങയുടെ speech എന്താണ്?

ശ്രീ. വി. ഡി. സതീശൻ: ഇത് ഒരു ശരിയായ നടപടിയല്ല. നിങ്ങൾക്ക് അപ്രിയമായ കാര്യങ്ങൾ സഭയിൽ കൊണ്ടുവരാൻ സമ്മതിക്കില്ല എന്ന് പറയുന്നത് ശരിയായ നടപടിയല്ല. ഇത് കീഴ്വഴക്കങ്ങളുടെ ലംഘനമാണ്. അമ്പലത്തിലെ ഉത്സവമല്ല ചർച്ച ചെയ്യുന്നത്. ഇവിടുത്തെ ചർച്ച എന്നത് പ്രതികൾ പോലീസ് ഉദ്യോഗസ്ഥന്മാരെ ആക്രമിച്ചതും ആ ഉദ്യോഗസ്ഥന്മാരെ സ്ഥലം മാറ്റിയതുമാണ്. അത് പോലീസിന്റെ ആത്മവീര്യം തകർക്കുന്നതാണ്. നിങ്ങൾ തലശ്ശേരി പോലീസ് സ്റ്റേഷനിലുണ്ടാകില്ല എന്ന്

ക്രിമിനലുകൾ പറഞ്ഞു. പോലീസ് സ്റ്റേഷൻ...(ബഹളം) ഇത്രയും ഗൗരവമായ വിഷയം ...(ബഹളം)

മി. സ്പീക്കർ: പ്രസ്തുത വിഷയം സബ്മിഷൻ ആയി അവതരിപ്പിക്കാൻ തയ്യാറാണോ?

ശ്രീ. വി. ഡി. സതീശൻ: ഇത് സബ്മിഷൻ ആയി അവതരിപ്പിക്കുന്നില്ല. പ്രസ്തുത വിഷയം റൂൾ 50 ആയി അവതരിപ്പിക്കാൻ അനുമതി നൽകണം.

മി. സ്പീക്കർ: Sorry. അത് dispose ചെയ്തു.

ശ്രീ. വി. ഡി. സതീശൻ: ഞാൻ ഒരു കാര്യം mention ചെയ്ത് കൊള്ളട്ടെ, അങ്ങിത് അവതരിപ്പിക്കാൻ അനുമതി നൽകാത്തതിൽ ശക്തിയായി പ്രതിഷേധിച്ചുകൊണ്ട് ഞങ്ങൾ വാക്കൗട്ട് ചെയ്യുന്നു.

(നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം അവതരിപ്പിക്കാൻ അനുമതി നൽകാത്തതിൽ പ്രതിഷേധിച്ച് പ്രതിപക്ഷം സഭയിൽനിന്ന് പുറത്തുപോകുകയും അല്പസമയത്തിനകം സഭയിൽ തിരിച്ചുവരികയും ചെയ്തു.)